## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 311 | 23.06.2014-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളികൾക്ക് മൺസൂൺ പ്രത്യേക ആനുകൂല്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.റ്റി.യു. കുരുവിള<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഉൾനാടൻ മത്സ്യത്തൊഴിലാളി മേഖലകളിൽ മൺസൂൺ കാലത്ത് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നതിനും ഇത്തരം മേഖലകളിൽ ആരോഗ്യ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും നടപടികൾ ഉണ്ടാകുമോ; | (എ) | ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം ഗുണഭോക്തൃവിഹിതവും കേന്ദ്ര സംസ്ഥാന വിഹിതവും ഉൾപ്പെടെ 1,800/- രൂപ മൺസൂൺ കാലത്ത് വിതരണം ചെയ്തു വരുന്നു. കേരള ഫിഷർമെൻ വെൽഫയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കും (ഉൾനാടൻ ഉൾപ്പെടെ) തണൽ പദ്ധതി പ്രകാരം 1,350/- രൂപ ധനസഹായം നൽകുന്നുണ്ട്. ആരോഗ്യ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രത്യേക പദ്ധതികളൊന്നും ഫിഷറീസ് വകുപ്പ് നേരിട്ട് ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല. ഉൾനാടൻ മേഖലയിലുള്ള മത്സ്യത്തൊഴിലാളികളെ ബോധവത്ക്കരിക്കുന്നതിന് മത്സ്യഫെഡ്, ഫിഷർമെൻ വെൽഫയർ ഫണ്ട് ബോർഡ് എന്നീ ഏജൻസികൾ മുഖേന സെമിനാറുകളും ബോധവത്ക്കരണ ക്യാമ്പുകളും നടത്തി വരുന്നു. |
| (ബി) | ഇത്തരം പ്രദേശങ്ങളിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും മദ്യപാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ നിന്നും ഇവരെ മുക്തരാക്കുന്നതിനും പ്രത്യേക പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ പ്രത്യേകിച്ച് വേമ്പനാട് കായലിന്റെ തീരത്ത് വസിക്കുന്ന ഏതാണ്ട് 280 മത്സ്യത്തൊഴിലാളി വനിതകളുടെ സാമൂഹികവും സാമ്പത്തികവുമായ ശാക്തീകരണത്തിനായി സാഫ് മുഖേന സ്നേഹതീരം പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. പദ്ധതിക്ക് 1.89 കോടി രൂപ ചിലവു വരുന്നതാണ്. വനിത സ്വയം സഹായ സംഘങ്ങൾ നടത്തി വരുന്ന ചെറുകിട |

| | | | |
|---|---|---|---|
| | | | വ്യവസായങ്ങൾക്ക് വാണിജ്യ ബാങ്കുകൾ മുഖേന ക്രെഡിറ്റ് നൽകാനും സാങ്കേതിക സഹായം നൽകാനും ആവശ്യാനുസരണം തൊഴിൽ നൈപുണ്യത്തിനുള്ള പരിശീലനം, സംരംഭകത്വ വികസന പരിശീലനം എന്നിവ നൽകാനുമാണ് പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. കൂടാതെ ഉൾനാടൻ സംഘങ്ങളിൽ അംഗമായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മൈക്രോഫിനാൻസ് വഴിയുള്ള ലോണുകൾ മത്സ്യഫെഡ് വഴി വിതരണം നടത്തുന്നുണ്ട്. കൂടാതെ മദ്യപാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ നിന്നും മുക്തരാക്കുന്നതിന് വകുപ്പ് വഴിയും ക്ഷേമനിധി ബോർഡ് വഴിയും നിരവധി ബോധവത്ക്കരണ ക്യാമ്പുകൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ